റോഡ് വീതി കൂട്ടുന്നതിന് നടപടി

51 [2940] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഹൈവേ 38-ലെ പുതിയങ്ങാടി-ഉള്ളിയേരി റോഡിലെ എരഞ്ഞിക്കൽ അമ്പലപ്പടിയിൽ നിന്നും ചെറുകുളം പാലാ വരെയുള്ള റോഡിന് വീതി കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ റോഡ് വീതി കൂട്ടി ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡ് വീതി കൂട്ടി പരിഷ്ക്കരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

കോഴിക്കോട് നാഷണൽ ഹൈവേ ബൈപ്പാസിന്റെ 2-ാം നമ്പർ റീച്ചിന്റെ പണി

52 [2941] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നാഷണൽ ഹൈവേ ബൈപ്പാസിന്റെ 2-ാം നമ്പർ റീച്ചിന്റെ പണി എന്ന് തുടങ്ങുമെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രവർത്തിയുടെ മതിപ്പ് ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പ്രവൃത്തിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ആവശ്യമായ അനുവാദം ലഭിച്ചുകഴിഞ്ഞുവോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) ഈ റോഡിന്റെ പണികൾക്കുള്ള എസ്റ്റിമേറ്റ് 2005-06 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗതവും ദേശീയ പാതയും വിഭാഗം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിലേക്കായി ഏകദേശം 40 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിന്റെ അനുവാദം ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly